**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1035** **29-06-2026-ൽ മറുപടിയ്ക്ക്**

**സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** തലശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ചതും എന്നാൽ പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് തുകയടക്കം വ്യക്തമാക്കാമോ;

**മറുപടി:** തലശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ഭരണാനുമതി നൽകിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനു നിർവഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | ഗവ.വി.എച്ച്.എസ്.എസ്, കതിരൂർ (ക്ലാസ് റൂം & ഡൈനിംഗ് ഹാൾ) | 100 | നിർമ്മാണം പുരോഗമിക്കുന്നു |
| 2. | ഗവ.എച്ച്.എസ്.എസ് (സ്കൂൾ കെട്ടിടം), വടക്കുംപാട് | 350 | നിർമ്മാണം പുരോഗമിക്കുന്നു |
| 3. | ഗവ.ജി.എച്ച്.എസ്.എസ്, തിരുവങ്ങാട് (സ്റ്റാഫ് റൂം & ഹാൾ) | 100 | നിർമ്മാണം പുരോഗമിക്കുന്നു |
| 4. | ഗവ.എച്ച്.എസ്.എസ് കാവുംഭാഗം (ക്ലാസ് റൂം) | 200 | നിർമ്മാണം പുരോഗമിക്കുന്നു |
| 5. | ഗവ.യു.പി.എസ്, പുന്നോൾ (സ്കൂൾ കെട്ടിടം) | 200 | നിർമ്മാണം പുരോഗമിക്കുന്നു |
| 6. | ഗവ.വി.എച്ച്.എസ്.എസ്, കൊട്ടുവള്ളി (സ്കൂൾ കെട്ടിടം) | 100 | നിർമ്മാണം പൂർത്തിയായി |
| 7 | ഗവ.വി.എച്ച്.എസ്.എസ്, കൊട്ടുവള്ളി (സ്കൂൾ കെട്ടിടം) | 50 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 8 | ഗവ.വി.എച്ച്.എസ്.എസ്, ചിറക്കര (സ്കൂൾ കെട്ടിടം) | 50 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 9 | ഗവ.എച്ച്.എസ്.എസ്, ചുണ്ടങ്ങാപ്പൊയിൽ (സ്കൂൾ കെട്ടിടം) | 380 | നിർമ്മാണം പുരോഗമിക്കുന്നു |
| 10. | ഗവ.എച്ച്.എസ്.എസ്, തിരുവങ്ങാട് (സ്കൂൾ കെട്ടിടം) | 200 | നിർമ്മാണം പുരോഗമിക്കുന്നു |
| 11. | ഗവ.എച്ച്.എസ്.എസ്, കതിരൂർ (സ്കൂൾ കെട്ടിടം) | 200 | നിർമ്മാണം പുരോഗമിക്കുന്നു |
| 12 | ഗവ.എച്ച.എസ്.എസ്, കാവുംഭാഗം (സ്കൂൾ കെട്ടിടം) | 200 | നിർമ്മാണം ആരംഭിച്ചിട്ടുണ്ട് |
| 13. | ഗവ.എച്ച്.എസ്.എസ്, ചിറക്കര (സ്കൂൾ കെട്ടിടം) | 200 | നിർമ്മാണം പുരോഗമിക്കുന്നു |